(ഡി) ആരുടെയൊക്കെ പേരിലാണ് കേസ് എടുത്തിട്ടുള്ളതെന്നും ഏതൊക്കെ തീയതികളിലാണെന്നും വ്യക്തമാക്കുമോ;

(ഇ) ബൈരക്കുപ്പ് വഴി അനധികൃതമായി ചാരായം കടത്തിയ എത്ര വാഹനങ്ങൾ ഇതിനകം പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത വാഹനങ്ങൾ ആരുടെയൊക്കെ പേരിലുള്ളതാണെന്ന് വ്യക്തമാക്കുമോ;

(ജി) ബൈരക്കുപ്പ് വഴിയുള്ള ചാരായം കടത്തിന് ചില പോലീസ് ഉദ്യോഗസ്ഥന്മാർ കൂട്ടുനിൽക്കുന്നുണ്ടെന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആരുടെയൊക്കെ പേരിൽ ആണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 100 മില്ലി ലിറ്റർ വീതം കൊള്ളുന്ന 5844 പായ്ക്കറ്റ് ചാരായം എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) വാഹനങ്ങളൊന്നും പിടിച്ചെടുത്തിട്ടില്ല.

(എഫ്) ബാധകമല്ല.

(ജി) ഇല്ല.

(എച്ച്) ബാധകമല്ല.

വൈൽഡ് ലൈഫ് അഡ്വൈസറി ബോർഡ്

66 (1889) ശ്രീ. പി. രാഘവൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈൽഡ് ലൈഫ് അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള ബോർഡിന്റെ ഘടന എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോർഡ് എന്തെങ്കിലും ശുപാർശകൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

---

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി ഇതിനകം കൈക്കൊണ്ടു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന കാര്യങ്ങളിൽ സർക്കാരിന് വേണ്ട ഉപദേശം നൽകുകയാണ് വൈൽഡ്‌ലൈഫ് അഡ്വൈസറി ബോർഡിന്റെ ചുമതലകൾ.

1. വന്യജീവി സങ്കേതം, ദേശീയോദ്യാനം, നിരോധിത മേഖലയായി പ്രഖ്യാപിക്കേണ്ട സ്ഥലങ്ങൾ എന്നിവ തെരഞ്ഞെടുക്കുകയും അവയുടെ ഭരണ സംവിധാനത്തെക്കുറിച്ചുള്ള ഉപദേശം നൽകുകയും ചെയ്യുക.

2. വന്യജീവികളുടെയും വന്യജീവി സംരക്ഷണ നിയമത്തിലെ പട്ടികയിൽ പരാമർശിച്ചിട്ടുള്ള സസ്യങ്ങളുടെയും സംരക്ഷണത്തിനും പരിരക്ഷണത്തിനും വേണ്ട നയങ്ങൾ രൂപീകരിക്കുന്നതിന്.

3. വന്യജീവി സംരക്ഷണ നിയമത്തിലെ പട്ടികകളെ സംബന്ധിച്ച്.

4. ആദിവാസികളുടെയും വനത്തെ ആശ്രയിച്ചു കഴിയുന്ന മറ്റു ജനങ്ങളുടെയും ആവശ്യങ്ങളും വന്യജീവി സംരക്ഷണ പരിപാലനവും സംരക്ഷിക്കുക.

5. സർക്കാർ, ബോർഡിലേക്ക് അഭിപ്രായം ആരായുന്ന വിഷയങ്ങളിൽ ഉപദേശം നൽകുന്നത് സംബന്ധിച്ച്.

(സി) വൈൽഡ് ലൈഫ് അഡ്വൈസറി ബോർഡിന്റെ ഘടന താഴെപ്പറയും പ്രകാരമാണ്.

1. സംസ്ഥാനത്ത് വനം വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി-ചെയർമാൻ

2. സംസ്ഥാന നിയമസഭയിലെ രണ്ട് അംഗങ്ങൾ-മെമ്പർ

3. സംസ്ഥാനത്ത് വനം വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറി-മെമ്പർ

4. സംസ്ഥാന വനം വകുപ്പിന്റെ ചുമതല വഹിക്കുന്ന ഫോറസ്റ്റ് ഓഫീസർ-എക്സ് ഒഫിഷ്യോ മെമ്പർ

5. കേന്ദ്രഗവൺമെന്റിലെ ഡയറക്ടർ, വൈൽഡ്‌ലൈഫ് പ്രിസർവേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഉദ്യോഗസ്ഥൻ-മെമ്പർ

6. ചീഫ് വൈൽഡ് വാർഡൻ-എക്സ്ഒഫിഷ്യോ സെക്രട്ടറി.

7. അഞ്ച് പേരിൽ കവിയാതെ സംസ്ഥാന വനം വകുപ്പിലെ ഉദ്യോഗസ്ഥർ-മെമ്പർ

8. വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ളവർ എന്ന് സർക്കാരിന് അഭിപ്രായമുള്ള പത്ത് വ്യക്തികൾ ഇതിൽ മൂന്നു പേരിൽ കവിയാതെ ആദിവാസികളുടെ പ്രതിനിധികൾ ഉണ്ടായിരിക്കണം.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിലേക്ക് സമർപ്പിച്ച ശുപാർശകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രകൃതി പഠനം, വിജ്ഞാന വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓരോ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനത്തിലും കുറഞ്ഞത് ഒരു വൈൽഡ് ലൈഫ് അസിസ്റ്റന്റിനെയെങ്കിലും നിയ

LIBRARY ARCHIVES Kerala Legislative Assembly

മിക്കുന്നതിന് 11 വൈൽഡ്‌ലൈഫ് അസിസ്റ്റന്റുമാരുടെ തസ്തികകൾ രൂപീകരിക്കാനുള്ള നിർദ്ദേശം.

2. കുമരകം പക്ഷി സങ്കേതത്തിൽ വനം വകുപ്പിന്റെ ഓഫീസിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ടൂറിസം വകുപ്പിൽനിന്നും 50 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് നിർദ്ദേശം.

3. സംസ്ഥാനത്ത് പറമ്പിക്കുളം മേഖലകൾ ഉൾപ്പെടുത്തി പുതിയ കടുവ സംരക്ഷണകേന്ദ്രത്തിനുള്ള നിർദ്ദേശം.

4. വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഹോണററി വൈൽഡ്‌ലൈഫ് വാർഡനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം.

5. വന്യജീവി ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം

6. വൈൽഡ്‌ലൈഫ് അഡ്വൈസറി ബോർഡ് മെമ്പർമാർക്ക് ഫോറസ്റ്റ് ഗസ്റ്റ്ഹൗസിലും ഐ.ബി.യിലും താമസിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള തുകകൾ അനുവദിക്കുക.

7. ഇരവികുളത്ത് താൽക്കാലികമായി നിയമിച്ചിട്ടുള്ള മുഴുവൻ വാച്ചർമാരെ സ്ഥിരപ്പെടുത്തുക.

8. സംരക്ഷണ വനമേഖലകളിൽ ടൂറിസം പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന റവന്യൂ ഉപയോഗിച്ച് അതതു മേഖലകളിലെ സംരക്ഷണ പ്രവർത്തനങ്ങൾക്കും വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് ധനസഹായം നൽകുന്നതിനുമായി റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം.

9. വന്യജീവികളുടെയും വന്യജീവി ഉൽപ്പന്നങ്ങളുടെയും കള്ളക്കടത്തും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എയർപോർട്ടുകളിലും കൊച്ചിയിലെ തുറമുഖത്തും ഓരോ എക്സിം പ്രിവൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം.

10. അഗസ്ത്യമലനിരകൾ ഉൾപ്പെടുത്തി ഒരു ബയോസ്ഫിയർ റിസർവ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം.

(ഇ) ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായാണ് നടക്കുന്നത്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ബേഗൂർ റെയിഞ്ചിലെ വൃക്ഷങ്ങൾ കൊള്ളയടിച്ച കേസ്

67 (1890)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽപ്പെട്ട ബ്രഹ്മഗിരി എസ്റ്റേറ്റിലെ നിക്ഷിപ്ത വനഭൂമി ഏറ്റെടുക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട ബേഗൂർ റെയിഞ്ചിലെ സർക്കാർ വനഭൂമിയിൽനിന്നും 15 കോടിയോളം വിലവരുന്ന വീട്ടി, തേക്ക്, മുതലായ മരങ്ങൾ മുറിച്ചു മാറ്റിയതിന് ഉത്തരവാദികളെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടും രണ്ടുവർഷമായിട്ടും കുറ്റക്കാർക്കെതിരെ നടപടിയെടുക്കാത്തതെന്തെന്ന് വ്യക്തമാക്കുമോ;

(സി) കേരളാ ഹൈക്കോടതിമേൽ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly